അന്തർസംസ്ഥാന നദീസംയോജനം

22 (*232) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർസംസ്ഥാന നദീസംയോജനത്തിന് അനുകൂലമായ സുപ്രീം കോടതി വിധിയുടെ പ്രത്യാഘാതം പരിശോധിച്ചിരുന്നോ ; സംസ്ഥാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിരുന്നോ ;

(ബി) കോടതി പരിശോധിച്ചതിൽ അതിപ്രധാനമായ കാര്യങ്ങളിലൊന്ന് കേരളത്തിൽനിന്ന് പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ തിരിച്ചുവിടുന്നതായിരുന്നുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) നദീസംയോജന പ്രശ്നത്തിൽ അനാസ്ഥ ഉണ്ടെന്ന ആക്ഷേപം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതി 27-2-2012-ൽ പുറപ്പെടുവിച്ച വിധിന്യായം വിശദമായി പരിശോധിക്കുകയും ഡൽഹിയിലെ ഐ.ഐ.ടി. (IIT Delhi) കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM Kozhikode) എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ബഹു.സുപ്രീംകോടതി പരിശോധിച്ച പ്രധാന കാര്യങ്ങൾകൂടി അടിസ്ഥാനപ്പെടുത്തിയാണ്, കേരളത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടാനുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി (PAVLP) നടപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്.

(സി) നദീസംയോജന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസിയുടെയും ശ്രദ്ധയിൽകൊണ്ടു വരുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി; "നദീസംയോജന പദ്ധതികൾ" സംബന്ധിച്ചുള്ള കാര്യങ്ങൾകൂടി ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് കേരളത്തിന് ദോഷകരമാണെന്നുള്ള വസ്തുത കാര്യകാരണസഹിതം യോഗത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

സൈസസ് ടൂട് പദ്ധതി

23 (*233) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സൈസസ് ടൂട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly